**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** | **07-10-2021 - ൽ മറുപടിയ്ക്ക്**

**ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പുതുതായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | 2015-2020 കാലഘട്ടത്തിൽ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ണൂർ സി.എസ്.ഐ പള്ളി, തൃശ്ശൂർ ചേറ്റുവാകോട്ട, തുടങ്ങിയവയുടെ സംരക്ഷണ പ്രവൃത്തികളുടെ ആദ്യ ഘട്ടം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. മലപ്പുറം തിരൂരങ്ങാടി ഹജൂർ കച്ചേരി മന്ദിരം, എറണാകുളത്തെ ജൂത സെമിത്തേരി തുടങ്ങിയവയുടെ സംരക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു. ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പാലക്കാട് തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം, തൃശ്ശൂർ നെടുംപുറം തളി ക്ഷേത്രം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് എന്നിവിടങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൈതൃക സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, പുരാവസ്തു ശാസ്ത്ര പ്രാധാന്യമുള്ളതുമായ നിർമ്മിതികളെ സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും അത് ആവശ്യപ്പെടുന്ന അവസരത്തിൽ തന്നെ നടപ്പിലാക്കാൻ പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സ്വാതന്ത്ര്യത്തിന് മുമ്പ് സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ ഏറ്റവും പഴക്കമേറിയ കെട്ടിടങ്ങൾ ചരിത്ര സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്വാതന്ത്ര്യത്തിന് മുൻപ് സ്ഥാപിക്കപ്പെട്ട കോളേജുകൾക്കോ സ്കൂളുകൾക്കോ ചരിത്ര പരമായോ, പുരാവസ്തുപരമായോ, കലാപരമായോ പ്രാധാന്യമുണ്ടാകുകയും നൂറുവർഷത്തിലേറെ പഴക്കം ഉണ്ടാവുകയും ചെയ്യുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ എറണാകുളം ജില്ലയിലെ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ പഴയ കച്ചേരി മാളിക 1993-ൽ കേരള പുരാവസ്തു വകുപ്പ് സംരക്ഷിത |

| | | | |
|---|---|---|---|
| | | | സ്മാരക മാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ